**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com,*
***Phone & Fax: 0484 2542355*** Web: www.sitttrkerala.ac.in

No.P3/1353/2023 24.08.2023

**പ്രസിദ്ധീകരണത്തിന്**

**പോളിടെക്നിക് ഡിപ്ലോമ – സ്പോട്ട് അഡ്മിഷൻ - ഒഴിവുള്ള സീറ്റുകളിലേക്ക് പുതിയ അപേക്ഷ ക്ഷണിക്കുന്നു.**

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ പോളിടെക്നിക് കോളേജുകളിലെ ഡിപ്ലോമ പ്രോഗ്രാമുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി **5/09/2023 മുതൽ 11/09/2023** വരെ സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. നിലവിലുള്ള അപേക്ഷകർക്കു പുറമെ പുതുതായി അപേക്ഷ സമർപ്പിക്കാവുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. അത്തരം സ്ഥാപനങ്ങളിലേക്ക് നിലവിൽ ഇതു വരെ അപേക്ഷിക്കാത്തവർക്കും പുതുതായി അപേക്ഷിക്കാവുന്നതാണ്.

നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി റാങ്കിന്റെ ക്രമത്തിൽ പ്രവേശനം നടത്തുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും (റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ) പങ്കെടുക്കാവുന്നതാണ്. പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളുമായി ഹാജരായാൽ മതിയാകും.

നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും, ഡിപ്ലോമ പ്രവേശനത്തിന് പുതുതായി അപേക്ഷ സമർപ്പിക്കുവാൻ താല്പര്യമുള്ളവരും (ടി സി ഒഴികെയുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം) സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷനിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമം പരിശോധിച്ച് താല്പര്യമുള്ള പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്.

പുതുതായി അപേക്ഷ സമർപ്പിക്കുവാൻ താല്പര്യമുള്ളവർക്ക് നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. അപേക്ഷകർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളേജിൽ ഹാജരാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും പുതുതായി അപേക്ഷിക്കുന്നവർ One Time Registration ഫീസായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ 100 രൂപയും മറ്റുള്ളവർ 200 രൂപയും ഓൺലൈനായി അടക്കേണ്ടതുമാണ്.

ജോയിന്റ് ഡയറക്ടർ ഇൻ-ചാർജ്ജ്